Kerala Kaumudi 19.01.2018

# അഗ്രീഹോർട്ടി സൊസൈറ്റി ഫ്ളവർ ഷോ 20 മുതൽ തൃശൂരിൽ

തൃശൂർ: അഗ്രീഹോർട്ടി സൊസൈറ്റി നടത്തുന്ന 40-ാം ഫ്ളവർ ഷോ നാളെമുതൽ തൃശൂർ തേക്കിൻകാട് മൈതാനിയിൽ ആരംഭിക്കും. രാത്രി എട്ടിന് മന്ത്രി വി.എസ്. സുനിൽ കുമാർ ഉദ്ഘാടനം ചെയ്യും. കേരള കാർഷിക സർവകലാശാല, തൃശൂർ കോർപറേഷൻ, ജില്ലാ പഞ്ചായത്ത്, കൊച്ചിൻ ദേവസ്വം ബോർഡ്, കേരള കൃഷിവകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പുഷ്പോത്സവം. കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ 12ലേറെ പ്രദർശന സ്റ്റാളുകളും കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും കാർഷിക വകുപ്പിന്റെയും വിവിധ പവലിയനുകളും ഫ്ലവർ ഷോയിൽ പ്രദർശനത്തിനുണ്ട്.